പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4248 | 20.03.2018-ലെ മറുപടിക്ക്

## കെ. എസ്. ആർ. ടി. സി യിൽ ജോലി രാജിവച്ച ഉദ്യോഗസ്ഥർ

ചോദ്യം

ശ്രീ. പാറക്കൽ അബ്ദുല്ല

ഉത്തരം

ശ്രീ. എ.കെ. ശശീന്ദ്രൻ

(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ. എസ്. ആർ. ടി. സി - യിൽ നിന്ന് കഴിഞ്ഞ ഏതാനും മാസങ്ങൾക്കിടെ എഴുന്നൂറോളം പേർ വിവിധ തസ്തികകളിൽ നിന്ന് ജോലി രാജി വയ്ക്കുകയുണ്ടായോ എന്ന് അറിയിക്കുമോ; | (എ) | വിവിധ കാലയളവിൽ കെ.എസ്.ആർ.ടി.സി.യിൽ നിന്ന് രാജിവച്ച 606 ജീവനക്കാർക്ക് 16.12.2017 തീയതിയിൽ രാജി അംഗീകരിച്ച് നൽകിയിട്ടുണ്ട്. |
| (ബി) | എങ്കിൽ ഏതൊക്കെ തസ്തികകളിൽ നിന്ന് എത്ര പേർ വീതമാണ് ജോലി രാജി വച്ചതെന്ന് അറിയിക്കുമോ; | (ബി) | കണ്ടക്ടർ തസ്തികയിൽ 464 പേർക്കും ഡ്രൈവർ തസ്തികയിൽ 84 പേർക്കും ജൂനിയർ അസിസ്റ്റന്റ് തസ്തികയിൽ 19 പേർക്കും സ്റ്റോർ ഇഷ്യൂവർ തസ്തികയിൽ ഒരാൾക്കും മെക്കാനിക്ക് തസ്തികയിൽ 27 പേർക്കും ടിക്കറ്റ് ഇഷ്യൂവർ തസ്തികയിൽ ഒരാൾക്കും അസിസ്റ്റന്റ് സ്റ്റോർ കീപ്പർ തസ്തികയിൽ 2 പേർക്കും പ്യൂൺ തസ്തികയിൽ 2 പേർക്കും എ.ഡി.ഇ തസ്തികയിൽ 3 പേർക്കും ഗാർഡ് തസ്തികയിൽ 3 പേർക്കും രാജി അംഗീകരിച്ച് നൽകിയിട്ടുണ്ട്. |
| (സി) | ശമ്പളവും ആനുകൂല്യങ്ങളും യഥാസമയം നൽകാൻ കഴിയാത്തതാണ് രാജിക്ക് കാരണമെന്ന് കരുതുന്നുണ്ടോ; | (സി) | കരുതുന്നില്ല. രാജി സമർപ്പിച്ചതിൽ ഭൂരിപക്ഷം പേരും മറ്റ് വകുപ്പുകളിലും സ്ഥാപനങ്ങളിലും ജോലി ലഭിച്ചതാണ് രാജിക്ക് കാരണമായി അറിയിച്ചിട്ടുള്ളത്. |
| (ഡി) | ജീവനക്കാരുടെ രാജി ദൈനംദിന സർവ്വീസുകളെ ബാധിക്കുമോ; ഇതുകാരണം ഷെഡ്യൂളുകൾ മുടങ്ങിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ? | (ഡി) | രാജി വച്ച ജീവനക്കാർ വിവിധ കാലയളവുകളിൽ രാജി അപേക്ഷ സമർപ്പിച്ചവരാണ്. ആയതിനാൽ ദൈനംദിന സർവ്വീസുകളെ ബാധിച്ചിട്ടില്ല. ഇത്രയും ജീവനക്കാർ ഒരുമിച്ചല്ല രാജി സമർപ്പിച്ചത്. ആയതിനാൽ ഷെഡ്യൂളുകൾ മുടങ്ങിയിട്ടില്ല. വിവിധ കാലയളവുകളിൽ രാജി അപേക്ഷ സമർപ്പിച്ച 606 ജീവനക്കാർക്കാണ് 16.12.17 തീയതിയിൽ രാജി അംഗീകരിച്ച് കൊണ്ട് ഉത്തരവ് നൽകിയത്. |

സെക്ഷൻ ഓഫീസർ